ദേശാഭിമാനി

14 October 2023

# മത്സ്യോൽപ്പാദനം കൂട്ടാൻ മാരികൾച്ചർ പാർക്കുകൾ വേണം: സിഎംഎഫ്ആർഐ

കൊച്ചി

മത്സ്യോൽപ്പാദനം കൂട്ടാൻ മാരികൾച്ചർ പാർക്കുകൾ വരണമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).

കടലിൽ കൂടുമീൻകൃഷിക്ക് ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയ തീരദേശ ജില്ലകളിലെ തീരങ്ങളിലാണ് ഇത് ഒരുക്കേണ്ടതെന്നും അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസിൽ സിഎംഎഫ്ആർഐ അവതരിപ്പിച്ച പ്രബന്ധത്തിൽ നിർദേശിച്ചു.

രാജ്യമാകെ 134 ഇടങ്ങളിലായി 46,958 ഹെക്ടർ തീരക്കടൽ കൂടുമീൻകൃഷിക്ക് അനുയോജ്യമാണെന്ന് സിഎംഎഫ്ആർഐ നേരത്തേ കണ്ടെത്തിയിരുന്നു. കൂടാതെ 333 സ്ഥലങ്ങൾ കടൽപ്പായൽ കൃഷിക്ക് അനുയോജ്യമാണെന്നും കണ്ടെത്തി. കൂടുമീൻകൃഷി, കടൽപ്പായൽ കൃഷി, കല്ലുമ്മക്കായ ചിപ്പി വർഗങ്ങളുടെ കൃഷി, കടൽപ്പായലും കൂടുകൃഷിയും സംയോജിപ്പിച്ചുള്ള രീതി (ഇംറ്റ) എന്നിവയുടെ സാങ്കേതികവിദ്യകൾ സിഎംഎഫ്ആർഐ വികസിപ്പിച്ചിട്ടുണ്ട്. ഈ കൃഷിരീതികൾ വ്യവസ്ഥാപിതവും കേന്ദ്രീകൃതസ്വഭാവത്തോടെയും ചിട്ടപ്പെടുത്തുന്നത് തീരദേശ ആവാസവ്യവസ്ഥ കേടുകൂടാതെ സംരക്ഷിക്കാൻ കഴിയുമെന്ന് പ്രബന്ധം അവതരിപ്പിച്ച ഡോ. സുരേഷ്കുമാർ മൊജാഡ പറഞ്ഞു.